പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*32 — 29.01.2019 ൽ മറുപടിക്ക്

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ
" സി.ദിവാകരൻ
"എൽദോ എബ്രഹാം
ശ്രീമതി. സി.കെ.ആശ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ഭേദഗതികൾ സംസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) കേന്ദ്രസർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള 2003 ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ഭേദഗതി ബില്ലിന്റെ കരട് നിർദ്ദേശങ്ങൾ സംസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നവയാണ്.<br>നിർദ്ദിഷ്ട ഭേദഗതികൾ പ്രധാനമായും വൈദ്യുത വിതരണ മേഖലയുടെ കൂടുതലായുള്ള സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിച്ചേക്കാം. വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് വൈദ്യുത വില്പനയ്ക്ക് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുക, ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുക, വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ തുടങ്ങി പല നിയമഭേദഗതികളും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിനുപുറമേ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ അടക്കം സംസ്ഥാന സർക്കാരിന്റെ അധികാര അവകാശങ്ങളിലേയ്ക്ക് കേന്ദ്രസർക്കാർ കടന്നുകയറുന്ന നിർദ്ദേശങ്ങളും ഭേദഗതിയുടെ ഭാഗമായി വന്നിട്ടുണ്ട്. രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരവും കേന്ദ്രസർക്കാരിനു ലഭിക്കും വിധമുള്ള ഭേദഗതി നിർദ്ദേശവും ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതാണ്. |
| (ബി) വൻകിട ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന അധികതുക ക്രോസ് സബ്സിഡിയായി നല്കി സാധാരണക്കാർക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകുന്ന സംവിധാനം വേണ്ടെന്ന് | (ബി) ഉണ്ട് |

| | |
|---|---|
| വയ്ക്കുന്നതിന് പ്രസ്തുത നിയമ ഭേദഗതിയിൽ നിർദ്ദേശമുണ്ടോ; | |
| (സി) ക്രോസ് സബ്സിഡി നിർത്തലാക്കുന്നത് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും ചെറുകിട വ്യവസായങ്ങളെയും ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കാമോ; | (സി) സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വൈദ്യുതിയുടെ ഗുണഫലങ്ങൾ ലഭിക്കാനും നിലനിർത്താനും അത്യാവശ്യമായ ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കാനും വൈദ്യുതി നിയമഭേദഗതി നിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നുണ്ട്. ക്രോസ്സ് സബ്സിഡി നിർത്തലാക്കുന്നത് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും ചെറുകിട വ്യവസായങ്ങളേയും ദോഷകരമായി ബാധിക്കും. ക്രോസ് സബ്സിഡി മൂന്നുവർഷം കൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന കാർഷിക ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരുവാൻ കാരണമാകും. ക്രോസ് സബ്സിഡി ഒഴിവാക്കി, പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിനു വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. |
| (ഡി) പൊതുമേഖലാ വൈദ്യുതി കമ്പനികളെ തളർത്തി സ്വകാര്യ വൈദ്യുതി ഉല്പാദകരെ പ്രോത്സാഹിപ്പിക്കുന്ന നിർദ്ദേശങ്ങളാണോ പ്രസ്തുത നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (ഡി) കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ വൈദ്യുതി വിതരണ രംഗത്ത് മുതൽ മുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നുവരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഭാവിയിൽ വൈദ്യുത വിതരണ മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് തന്നെ വഴി തെളിക്കാവുന്നതും, സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വൈദ്യുതിയുടെ ഗുണഫലങ്ങൾ ലഭിക്കാനും നിലനിർത്താനും ഉള്ള സാധ്യതകൾ ഇല്ലാതാക്കുന്നതും, വൈദ്യുതിയെ ഊഹക്കച്ചവടത്തിന് വിധേയമാക്കാൻ ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതും, ദീർഘകാലാടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ താല്പര്യം ഹനിക്കുന്നതും ആണ്. സ്വകാര്യ സംരംഭകരുടെ നിലവിലുള്ള വൈദ്യുതി പദ്ധതികൾക്ക് കമ്പോളം തുറന്നുകൊടുക്കുന്നതിനും ഭേദഗതി നിർദ്ദേശങ്ങൾ ലക്ഷ്യം വയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ